**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1230** **27-07-2021 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ, ഡിപ്പോ ആയി ഉയർത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | തരൂർ മണ്ഡലത്തിലെ വടക്കാഞ്ചേരി കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ, ഡിപ്പോ ആയി ഉയർത്തുവാനും ജില്ലാതല വർക്ക്ഷോപ്പ് ആരംഭിക്കുവാനുമുള്ള നടപടിക്രമങ്ങളുടെ പുരോഗതി അറിയിക്കാമോ; | (എ) | നിലവിൽ വടക്കാഞ്ചേരിയിൽ ഓപ്പറേറ്റിംഗ് സെന്ററാണ് പ്രവർത്തിച്ചു വരുന്നത്. കോർപ്പറേഷന്റെ ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധി മെച്ചപ്പെടുന്ന മുറയ്ക്ക് സബ് ഡിപ്പോ / ഡിപ്പോ ആയി ഉയർത്തുന്നത് പരിഗണിയ്ക്കും. കെ.എസ്.ആർ.ടി.സി. വടക്കാഞ്ചേരി ഡിപ്പോയിൽ ജില്ലാ വർക്ക്ഷോപ്പ് നിർമ്മി ക്കുന്ന പ്രവൃത്തിയ്ക്കായി കെ.എസ്.ആർ.ടി.സി യുടെ Project Management Consultant ആയ M/s. HLL Lifecare Ltd. സമർപ്പിച്ച 4,71,02,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് 06/5/2021-ൽ പ്രവൃത്തിയ്ക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. തരൂർ മണ്ഡലത്തിലെ വടക്കാഞ്ചേരി കെ.എസ്.ആർ.ടി.സി., ജില്ലാതല വർക്ക് ഷോപ്പ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (ബി) | ടി പദ്ധതിയുടെ പ്രവർത്തനം എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ? | (ബി) | വർക്ക്ഷോപ്പ് നിർമ്മാണവുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ